1. ഡൽഹിയിൽ 12,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം തുടക്കം കുറിക്കും.
2. കൃഷിസമൃദ്ധി പദ്ധതിക്കായി തരിശു നിലങ്ങൾ മുഴുവൻ പ്രയോജനപ്പെടുത്തുമെന്ന് മന്ത്രി എം.ബി രാജേഷ്.
3. സംസ്ഥാന സ്കൂൾ കലോത്സവ നിറവിൽ തലസ്ഥാന നഗരി; പോയിന്റ് നിലയിൽ കണ്ണൂർ മുൻപിൽ.
4. ബോർഡർ-ഗവാസ്കർ ട്രോഫി ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഓസ്ട്രേലിയ. സിഡ്നി ടെസ്റ്റിൽ ഇന്ത്യയെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി.
5. ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - പഞ്ചാബ് എഫ്സി പോരാട്ടം.

PNU TVPM

**************************************************

ഹെഡ്ലൈൻ-1

## പ്രധാനമന്ത്രി - ന്യൂഡൽഹി

ഡൽഹിയിൽ 12,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം നിർവഹിക്കും. ഡൽഹി-ഗാസിയാബാദ്-മീററ്റ് നമോ ഭാരത് ഇടനാഴിയുടെ

പൂർത്തിയായ 13 കിലോമീറ്റർ ഭാഗം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന പരിപാടിയോടനുബന്ധിച്ച് നമോ ഭാരത് ട്രെയിനിൽ അദ്ദേഹം യാത്ര ചെയ്യു. ഡൽഹി മെട്രോ നാലാം ഘട്ടത്തിലെ 2.8 കിലോമീറ്റർ പാതയും ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹിയിലെ രോഹിണിയിൽ സെൻട്രൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അത്യാധുനിക കെട്ടിടത്തിന് അദ്ദേഹം തറക്കല്ലിടും. അതേസമയം ഡൽഹിയിൽ പ്രാദേശിക കണക്റ്റിവിറ്റി വിപുലീകരിക്കുന്നതിനൊപ്പം യാത്രാ സൗകര്യമൊരുക്കാനും തന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

************************************

ഹെഡ്‌ലൈൻ-2

## എം.ബി രാജേഷ്-കൃഷി സമൃദ്ധി

RNU TVPM

തരിശു നിലങ്ങൾ മുഴുവൻ പ്രയോജനപ്പെടുത്തി കൃഷിസമൃദ്ധി പദ്ധതി നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. തൃത്താലയിൽ പദ്ധതിയുടെ ആലോചന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കാർഷികോത്പന്നങ്ങളുടെ വിപണനവും മൂല്യവർധനവും കണ്ടറിഞ്ഞ് പ്രാദേശികതലത്തിൽ കൃഷി ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പദ്ധതിയാണിത്. തദ്ദേശസ്ഥാപനങ്ങൾ, സഹകരണമേഖല എന്നിവയുമായി കൈകോർത്താണ് പദ്ധതി നടപ്പാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

************************************

## കാട്ടാന ആക്രമണം-എ കെ ശശീന്ദ്രൻ (ഇൻട്രോ)

മലപ്പുറത്ത് കാട്ടാന ആക്രമണത്തിൽ ആദിവാസി യുവാവ് മരിച്ചു. കരുളായി മാഞ്ചീരി പൂച്ചപ്പാറ കോളനിയിലെ

മണിയാണ് മരിച്ചത്. ഇന്നലെ രാത്രിയായിരുന്നു കാട്ടാന ആക്രമണം. മണിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ വേണ്ട നിർദ്ദേശം നൽകിയതായി മന്ത്രി എ കെ ശശീന്ദ്രൻ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം വന്യജീവി ആക്രമണങ്ങളിൽ ആശങ്കയുണ്ടെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

വന്യജീവികളെ കാട്ടിനുള്ളിൽ തന്നെ നിലനിർത്താനാവശ്യമായ ദീർഘകാല പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. നബാർഡിന്റെ സഹായത്തോടെ ഇതിനാവശ്യമായ പദ്ധതികൾ വനം വകുപ്പ് ആവിഷ്ക്കരിക്കുകയാണെന്നും ശ്രീ എ കെ ശശീന്ദ്രൻ അറിയിച്ചു

************************************

## എച്ച് എം പി വൈറസ് ബാധ

എച്ച് എം പി വൈറസ് ബാധ സംബന്ധിച്ച കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് കേന്ദ്രസർക്കാർ. HMPV പരിശോധന നടത്തുന്ന ലാബുകളുടെ എണ്ണം വർധിപ്പിച്ചിട്ടുണ്ടെന്നും, ഇതുമായി ബന്ധപ്പെട്ട അവലോകനം ഐ സി എം ആർ, ഈ വർഷം ഉടനീളം നടത്തുമെന്നും ആരോഗ്യമന്ത്രാലയം വ്യക്തമാക്കി. അതേസമയം ചൈനയിൽ വൈറസ് പടരുന്നതുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകളിൽ കേരളത്തിൽ ആശങ്ക വേണ്ടെന്ന് മന്ത്രി വീണാജോർജ് അറിയിച്ചു. ഗർഭിണികൾ, പ്രായമുള്ളവർ, ഗുരുതര ആരോഗ്യ പ്രശ്നമുള്ളവർ എന്നിവർ മാസ്ക് ധരിക്കുന്നത് അഭികാമ്യമാണെന്നും മന്ത്രി പറഞ്ഞു.

************************************

## നിയമസഭാ രാജ്യാന്തര പുസ്തകോത്സവം

RNUTVPM

കേരള നിയമസഭാ രാജ്യാന്തര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. നിയമസഭയിലെ ആർ.ശങ്കരനാരായണൻ തമ്പി ഹാളിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ സ്പീക്കർ എ.എൻ.ഷംസീർ അധ്യക്ഷനാകും. ഈ മാസം 13 വരെ നീളുന്ന പുസ്തകോത്സവത്തിൽ 250 ലധികം സ്റ്റാളുകളിലായി 150ലധികം പ്രസാധകർ പുസ്തക പ്രദർശനവും വിൽപനയും നടത്തും.

************************************

ഹെഡ്‌ലൈൻ-3

## സ്കൂൾ കലോത്സവം

63 ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ രണ്ടാം ദിനം വിവിധ വേദികളിലായി മത്സരങ്ങൾ പുരോഗമിക്കുന്നു. മുൻ നിശ്ചയിച്ച പ്രകാരമുള്ള 60 ഓളം ഇനങ്ങളാണ് ഇന്ന് അരങ്ങേറുന്നത്. നാടക മത്സരം മൂന്നാം വേദിയായ ടാഗോർ തിയേറ്ററിൽ തുടരുകയാണ്. മോഹിനിയാട്ടം, ഒപ്പന, നാടോടി നൃത്തം, തിരുവാതിര, കേരള നടനം, ഓട്ടൻ തുള്ളൽ തുടങ്ങിയ ജനപ്രിയ ഇനങ്ങളാണ് ഇന്ന് വേദിയിലെത്തുന്നത്. അവധി ദിനമായതിനാൽ വേദികൾ കാണികളാൽ നിറഞ്ഞിരിക്കുകയാണ്. പോയിന്റ് പട്ടികയിൽ 225 പോയിന്റുമായി കണ്ണൂരാണ് മുന്നിൽ. 224 പോയിന്റുമായി തൃശൂരും കോഴിക്കോടുമാണ് രണ്ടാമത്. 222 പോയിന്റുമായി പാലക്കാട് മൂന്നാം സ്ഥാനത്താണ്.

RNU TVPM

************************************

## ശബരിമല

വർദ്ധിച്ചുവരുന്ന ഭക്തജനത്തിരക്കിലും ശബരിമല പരാതിരഹിതം. നിലവിൽ അയ്യപ്പഭക്തർക്ക് അരമണിക്കൂറിൽ കൂടുതൽ ക്യൂ നിൽക്കേണ്ടതായി വന്നിട്ടില്ലെന്നും പരാതി

രഹിതമായാണ് ഇതുവരെ പോലീസ് സംവിധാനം പ്രവർത്തിച്ചതെന്നും ശബരിമല സ്പെഷ്യൽ ഓഫീസർ എസ്. മധുസൂദനൻ അറിയിച്ചു. തിരക്ക് നിയന്ത്രിക്കുന്നതിന് പത്ത് ഡിവിഷനുകളിലായി 1470 പോലീസ് ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്.

************************************

**കൊല്ലം-അപകടം**

കൊല്ലം ചടയമംഗലത്ത് കാർ ടൂറിസ്റ്റ് ബസുമായി കൂട്ടിയിടിച്ച് 2 പേർ മരിച്ചു. ശബരിമല ക്ഷേത്ര ദർശനം കഴിഞ്ഞ് മടങ്ങിയ കന്യാകുമാരി സ്വദേശികളായ ശരവണൻ, ഷണ്മുഖൻ എന്നിവരാണ് മരിച്ചത്. അർദ്ധരാത്രി ആയിരുന്നു അപകടം.

************************************

**എറണാകുളം-തീപിടുത്തം**

RNU TVPM

എറണാകുളം ചെമ്പുമുക്കിന് സമീപം ആക്രിക്കടയിൽ വൻ തീപിടിത്തം. രാവിലെയാണ് തീപിടിത്തമുണ്ടായത്. അഗ്നിശമന സേന തീ അണയ്ക്കാനുള്ള ശ്രമങ്ങൾ തുടരുന്നു. തീപിടിത്തം നിയന്ത്രണ വിധേയമാക്കാനായി കൂടുതൽ യൂണിറ്റുകൾ സ്ഥലത്തെത്തിയിട്ടുണ്ട്. ജനവാസമേഖലയിലുള്ള ആക്രിക്കടയിലാണ് തീപിടിത്തുമുണ്ടായത്. നിലവിൽ കൂടുതൽ സ്ഥലത്തേക്ക് വ്യാപിച്ചിട്ടില്ല.

************************************

വാട്ടർ ഫെസ്റ്റ് (ഇൻട്രോ)

ജല സാഹസിക കായിക മത്സരങ്ങളും പ്രദർശന- സംഗീത പരിപാടികളും കൊണ്ട് നാടിനെ ഉത്സവ ലഹരിയിലാഴ്ത്തിയ കോഴിക്കോട് ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ

നാലിന് ഇന്ന് സമാപനം. പ്രധാന വേദിയായ മറീന ബീച്ചിൽ വൈകിട്ട് ആറുമണിക്ക് നടക്കുന്ന സമാപന സമ്മേളനം മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു........**

(വോയിസ്)

************************************

ഹെഡ്‌ലൈൻ-4

## ക്രിക്കറ്റ്

ബോർഡർ-ഗവാസ്കർ ട്രോഫി ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഓസ്ട്രേലിയ. അഞ്ചു ടെസ്റ്റുകളുടെ പരമ്പര 3-1നാണ് ഓസ്ട്രേലിയ സ്വന്തമാക്കിയത്. സിഡ്നി ടെസ്റ്റിൽ ഇന്ത്യയെ ആറ് വിക്കറ്റിന് തോൽപ്പിച്ചാണ് ഓസീസിന്റെ പരമ്പര നേട്ടം. 162 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ഓസ്ട്രേലിയ 4 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം കണ്ടു. രണ്ട് ഇന്നിംഗ്സിലുമായി പത്ത് വിക്കറ്റ് നേട്ടം സ്വന്തമാക്കിയ ഓസ്ട്രലിയയുടെ സ്കോട്ട് ബോളണ്ട് കളിയിലെ താരമായി. ജസ്പ്രീത് ബുംറയെ പരമ്പരയിലെ താരമായി തിരഞ്ഞെടുത്തു.

RNU TVPM

************************************

ഹെഡ്‌ലൈൻ-5

## ഐ എസ് എൽ ഫുട്ബോൾ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - പഞ്ചാബ് എഫ്സി പോരാട്ടം. രാത്രി 7.30 ന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. 12 മത്സരങ്ങളിൽ നിന്ന് 18 പോയിന്റുമായി പഞ്ചാബ് പോയിന്റ്

പട്ടികയിൽ എട്ടാം സ്ഥാനത്താണ്, 14 മത്സരങ്ങളിൽ 14 പോയിന്റുമായി കേരളം 12-ാം സ്ഥാനത്താണ്.

************************************

## കാസർഗോഡ്-ഫെയിം 2025 (ഇൻട്രോ)

കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഫെയിം 2025 എന്ന പേരിൽ കാർഷിക വിപണന മേള സംഘടിപ്പിക്കുന്നു. ഞായറാഴ്ച വരെ 9 ദിവസങ്ങളിലായി പൊവ്വലിലാണ് പരിപാടി നടക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ....**

**(വോയിസ്)**

************************************

## ഹെറിറ്റേജ് റൺ സീസൺ-4

തലശ്ശേരിയുടെ പൈതൃക നഗരി ചുറ്റി ഹെറിറ്റേജ് റൺ സീസൺ 4. തലശ്ശേരി ഡെസ്റ്റിനേഷൻ മാനേജ്മന്റ് കൗൺസിൽ സംഘടിപ്പിച്ച ഹെറിറ്റേജ് റണ്ണിൽ വിദേശ കായികതാരങ്ങൾ ഉൾപ്പെടെ 1200 ലേറെ താരങ്ങളാണ് പങ്കെടുത്തത്. രാവിലെ 6 ന് തലശ്ശേരി മുൻസിപ്പൽ സ്റ്റേഡിയത്തിൽ സ്പീക്കർ എ. എൻ ഷംസീർ, എം എൽഎമാരായ കെ വി സുമേഷ്, സജീവ് ജോസഫ്, സബ് കളക്ടർ കാർത്തിക് പാണിഗ്രഹി, നഗരസഭ ചെയർപേഴ്സൺ കെ എം ജമുനാറാണി എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിന്നും തലശ്ശേരി കോട്ട, ജവഹർഘട്ട് തുടങ്ങി പൈതൃക കേന്ദ്രങ്ങൾ വഴി 21 കിലോമീറ്റർ മിനിമാരത്തൺ ആയാണ് ഹെറിറ്റേജ് റൺ നടന്നത്.

PNU TVPM

************************************

## ജലവിതരണം മുടങ്ങും

കേരള ജല അതോറിറ്റിയുടെ തിരുവനന്തപുരം വണ്ടിത്തടത്തിന്റെ കീഴിലുള്ള ശുദ്ധീകരണ ശാലയിൽ ശുചീകരണ പ്രവൃത്തികളും, വെള്ളായണിയിൽ അനുബന്ധ പ്രവൃത്തികളും നടത്തേണ്ടതിനാൽ, ചൊവ്വാഴ്ച രാവിലെ 6 മണി മുതൽ ബുധനാഴ്ച രാവിലെ 6 മണി വരെ ജില്ലയിലെ ചില പ്രദേശങ്ങളിൽ ജലവിതരണം മുടങ്ങും. കല്ലിയൂർ, വെങ്ങാനൂർ, പള്ളിച്ചൽ പഞ്ചായത്തുകളിലും തിരുവനന്തപുരം നഗരസഭയിൽ ഉൾപ്പെട്ട വിഴിഞ്ഞം, ഹാർബർ, കോവളം, വെള്ളാർ, പുഞ്ചക്കരി, പൂങ്കുളം, വെങ്ങാനൂർ, കോട്ടപ്പുറം, തിരുവല്ലം എന്നീ വാർഡുകളിലും സമീപ പ്രദേശങ്ങളിലുമാണ് ജല വിതരണം തടസപ്പെടുക.

*

***********************

**********************************************

RNU TVPM